## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2343 — 05.02.2018 ൽ മറുപടിക്ക്

### കളിമൺപാത്ര നിർമ്മാണ മേഖല

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത തൊഴിലുകളിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന കളിമൺപാത്ര നിർമ്മാണത്തെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ; | (എ) | കളിമൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് മൺപാത്ര നിർമ്മാണത്തിനാവശ്യമായ വായ്പകൾ ലഭ്യമാക്കുക, ആധുനികവൽക്കരണത്തിന് സഹായം നൽകുക, വിപണനത്തിന് ഔട്ട് ലെറ്റുകൾ ആരംഭിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. |
| (സി) പ്രസ്തുത കോർപറേഷന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; മൂലധനം എത്രയാണെന്നും ഇതിലെ അംഗങ്ങൾ ആരെല്ലാമാണെന്നും വിശദമാക്കുമോ;<br>(ഡി) പുതിയ അധ്യയന വർഷം ആരംഭിയ്ക്കുമ്പോൾ കളിമൺ പാത്ര നിർമ്മാണ തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി പഠന സാമഗ്രികൾ നൽകുന്നത് പരിഗണിയ്ക്കുമോ? | (സി) & (ഡി) | കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപറേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളായി ഡോ.വേണു.വി ഐ.എ.എസ്, ശ്രീ. കെ.എൻ.കുട്ടമണി, ശ്രീ.സുരേഷ് കുമാർ. പി.എൻ, ശ്രീമതി.വനജകുമാരി അമ്മ. എസ് എന്നിവരെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടറായി പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. കോർപറേഷന്റെ മൂലധനം ഒരു കോടി രൂപയാണ്. പ്രാരംഭ ഘട്ടത്തിലായ കോർപറേഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആയതിന് ശേഷം മാത്രമേ കോർപറേഷൻ മുഖാന്തിരം ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ